# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3695 26.06.2012-ൽ മറുപടിക്ക്.

## സംസ്ഥാന റോഡ് സുരക്ഷാ അതോറിറ്റിയുടെ ഘടനയും പ്രവർത്തനവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ: | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാന റോഡ് സുരക്ഷാ അതോറിറ്റിയുടെ ഘടനയും പ്രവർത്തനവും എന്തെല്ലാമാണ്; | (എ) | കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ട് 2007 പ്രകാരം ഗവൺമെന്റ് കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. സംസ്ഥാന റോഡ് സുരക്ഷാ അതോറിറ്റിയുടെ ഘടനയും പ്രവർത്തനവും താഴെ പറയുന്നു.<br>1. ഗതാഗത വകുപ്പ് മന്ത്രി - ചെയർമാൻ.<br>2. മരാമത്ത് വകുപ്പ് മന്ത്രി - വൈസ് ചെയർമാൻ.<br>മറ്റ് അംഗങ്ങൾ താഴെ പറയുന്നവരാണ്<br>1. ചീഫ് സെക്രട്ടറി.<br>2. ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി.<br>3. നിയമ വകുപ്പ് സെക്രട്ടറി.<br>4. ആഭ്യന്തര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി.<br>5. ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി.<br>6. പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി<br>7. ആരോഗ്യവും കുടുംബ ക്ഷേമവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി.<br>8. പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി.<br>9. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി. |

| | | | |
|---|---|---|---|
| | | | 10. ട്രാൻസ്പോർട്ട് കമ്മീഷണർ.<br>11. പോലീസ് ഡയറക്ടർ ജനറൽ.<br>12. ആരോഗ്യ വകുപ്പ് ഡയറക്ടർ.<br>13. പോലീസ് ഡയറക്ടർ ജനറൽ (ട്രാഫിക്).<br>14. ചീഫ് എൻജിനീയർ, റോഡുകളും പാലങ്ങളും,<br>15.ചീഫ് എൻജിനിയർ, നാഷണൽ ഹൈവേ.<br>16. ഡയറക്ടർ, നാഷണൽ ട്രാൻസ്പോർട്ടഷൻ പ്ലാനിംഗ് ആന്റ് റിസർച്ച് സെന്റർ. (NATPAC).<br>17. സെക്രട്ടറി, സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി.<br>18. എം.എൻ. പ്രസാദ്, ഐ. ആർ. എസ്. ഇ (റിട്ടയേർഡ് )<br>19. ഡോ. അജിത് തോമസ്, അഡീഷണൽ പ്രൊഫസർ, മെഡിക്കൽ കോളേജ്.<br>20. അഡ്വ. അച്യുതൻ.<br>2007 -ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ട് പ്രകാരം റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള പദ്ധതികൾക്ക് സാമ്പത്തിക സഹായം നല്കുക, റോഡപകടങ്ങൾക്ക് കാരണമാകുന്ന വർക്കെതിരെ നിയമനടപടിയെടുക്കുക, എന്നിവയാണ് റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രധാന പ്രവർത്തന ങ്ങൾ. ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങളാണ് കേരളാ റോഡ് സുരക്ഷാ അതോറിറ്റിയിൽ നിക്ഷിപ്തമാക്കിയിരിക്കുന്നത്.<br>എ) റോഡ് സുരക്ഷാ നയങ്ങളിന്മേൽ സർക്കാരിനെ ഉപദേശിക്കുക.<br>ബി) റോഡ് സുരക്ഷാ നിലവാരവും നടപടി ക്രമങ്ങളും നിർണ്ണയിക്കുകയും നടപ്പിലാക്കുകയും ചെയ്യുക. |

| | | | |
|---|---|---|---|
| | | | സി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പദ്ധതികളും പ്രോജക്റ്റുകളും പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കുക.<br>(ഡി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് കർത്തവ്യ നിർവ്വഹണം നടത്തുന്ന എല്ലാ ഏജൻസികളുടേയും സർക്കാർ വകുപ്പുകളുടേയും പ്രവർത്തനം ഏകോപിപ്പിക്കുക.<br>(ഇ) ഫണ്ടിന്റെ നടത്തിപ്പ്.<br>(എഫ്) റോഡ് സുരക്ഷാ പദ്ധതികളും പരിപാടികളും നടപ്പിൽ വരുത്തുന്ന തിനുള്ള ചെലവ് അനുവദിക്കുക.<br>(ജി) റോഡ് സുരക്ഷാ പ്രോജക്റ്റുകൾക്ക് വേണ്ടിയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സാമഗ്രികളും ഉപകരണങ്ങളും വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനും വേണ്ടിയും ചെലവ് അനുവദിക്കുക.<br>(എച്ച്) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സംഗതികളിൽ പഠനങ്ങളും പ്രോജക്ടുകളും ഗവേഷണവും നടത്തുന്നതിന് ചെലവ് അനുവദിക്കുക.<br>(ഐ) ട്രോമാ - കെയർ പരിപാടി കൾക്കോ പ്രവർത്തനങ്ങൾക്കോ ഉള്ള ചെലവ് അനുവദിക്കുക.<br>(ജെ) അതോറിറ്റിയുടെ ഭരണപരമായ ചെലവുകൾ അനുവദിക്കുക.<br>(കെ) റോഡ് സുരക്ഷാ നടപടി കളുമായി ബന്ധപ്പെട്ട സംഗതികൾ ക്കുള്ള ചെലവ് അനുവദിക്കുക.<br>(എൽ) അതോറിറ്റിയുടെ നേതൃത്വത്തിൽ അപകട സ്ഥലത്തെ രക്ഷാപ്രവർത്തന ങ്ങൾക്കായി സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുക.<br>(എം) കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ പരിഗണിച്ചു കൊണ്ട് നിർണ്ണയിച്ചേ ക്കാവുന്ന പ്രകാരമുള്ള മറ്റു |

| | | | |
|---|---|---|---|
| | | | ചുമതലകൾ നിർവ്വഹിക്കുക. |
| (ബി) | ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാന റോഡ് സുരക്ഷാ അതോറിറ്റിയുടെ എത്ര യോഗങ്ങൾ ചേർന്നു ; അവയിൽ എടുത്ത പ്രധാന തീരുമാനങ്ങൾ എന്തെല്ലാമാണ്: | (ബി) & (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാന റോഡ് സുരക്ഷാ അതോറിറ്റിയുടെ നാല് യോഗങ്ങൾ ചേർന്നു. അതിൽ മൂന്ന് യോഗങ്ങളുടെ നടപടികുറിപ്പുകൾ അനുബന്ധം 1,2,3 പ്രകാരം ചേർത്തിട്ടുണ്ട്. 16.6.2012 ലെ നാലാമത് യോഗ നടപടികുറിപ്പ് തയ്യാറാക്കുന്നതേയുള്ളൂ. |
| (സി) | ഏറ്റവും അവസാനം കൂടിയ യോഗത്തിലെ പ്രധാന ശുപാർശ എന്തായിരുന്നു; | | |
| (ഡി) | റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ? | (ഡി) | കേരള റോഡ് സുരക്ഷാ അതോറിറ്റി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടാണ് റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. വാഹനാപകടങ്ങൾ നിയന്ത്രിക്കുന്നതിന് പരിഹാര നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി അപകടങ്ങളും, അപകട മരണങ്ങളും കൂടുതൽ സംഭവിക്കുന്ന മേഖലകളിൽ അപകടനിവാരണ പ്രവർത്തനങ്ങൾ നടത്തുന്ന പദ്ധതികൾക്ക് അതോറിറ്റി മേൽ നോട്ടം വഹിക്കുന്നുണ്ട്. കൂടാതെ അപകടങ്ങളും ഗതാഗതക്കുരുക്കും ട്രാഫിക് വയലേഷനും കൂടുതൽ സംഭവിക്കുന്ന റോഡുകളിൽ, മേഖലാ അടിസ്ഥാനത്തിൽ പഠനം നടത്തി പോലീസ്, മോട്ടോർ വാഹനം, പൊതുമരാമത്ത് എന്നീ വകുപ്പുകൾ റിപ്പോർട്ട് സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ അപകട വിമുക്ത മാതൃകാ റോഡ് പദ്ധതി എന്ന ആശയവും അതോറിറ്റി വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി വരുന്നു.<br>അപകടങ്ങളെ സംബന്ധിച്ചുള്ള ശാസ്ത്രീയമായ അന്വേഷണവും, ഗവേഷണവും , റോഡിന്റെയും ഗതാഗതനിയന്ത്രണ സംവിധാന ങ്ങളുടെ രൂപകല്പനയുടെയും ആധുനിക വൽക്കരണം എന്നിവ ഉൾപ്പെടുത്തി |

| | | | |
|---|---|---|---|
| | | | ക്കൊണ്ട് അപകടങ്ങൾ കുറയ്ക്കുന്നതിനായി അതോറിറ്റി സ്വീകരിച്ച നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>**1. റോഡ് സുരക്ഷാ ബോധവൽക്കരണം**<br>റോഡ് സുരക്ഷയെ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിലേക്കായി ടെലിവിഷൻ വഴി ഫിലിമുകൾ സംപ്രേക്ഷണം ചെയ്യുക എഫ്.എം. റേഡിയോ മുഖേനയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഹ്രസ്വ ചിത്രങ്ങൾ സിനിമാ തിയറ്ററുകളിലൂടെ സംപ്രേഷണം ചെയ്യുക എന്നീ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു.<br>ദൃശ്യ ശ്രാവ്യ, അച്ചടി മാധ്യമങ്ങൾ തുടങ്ങി സാധ്യമായ മുഴുവൻ മാധ്യമങ്ങളെ ഉപയോഗിച്ചും റോഡ് സുരക്ഷയെ പറ്റി പൊതുജനങ്ങളെ ബോധവൽക്കണം നടത്തി അച്ചടക്കമുള്ള ഒരു ട്രാഫിക് സംസ്ക്കാരം രൂപപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>ടിപ്പർലോറി/ചരക്കുവാഹനം എന്നിവയുടെ ഡ്രൈവർമാർക്ക് നാറ്റ്പാക്ക് വഴി റോഡ് സുരക്ഷാ പരിശീലനം നല്കി വരുന്നു.<br>രാത്രികാലത്ത് എയർപോർട്ടുകളിലേയ്ക്കുള്ള യാത്രക്കിടയിലുള്ള അപകടങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി രാത്രികാല സവാരി നടത്തുന്ന ഡ്രൈവർമാരേയും, യാത്രക്കാരേയും ബോധവൽക്കരിക്കുന്നതിനായി "Safe night driving" എന്ന ലീഫ് ലെറ്റുകൾ വിതരണം ചെയ്തു വരുന്നു.<br>വാഹന ഡ്രൈവർമാരെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി |

| | | | |
|---|---|---|---|
| | | | 'റോഡ് റെഗുലേഷൻസ്' റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ മുഖേന എല്ലാ ജില്ലകളിലും വിതരണം ചെയ്തു വരുന്നു.<br>നാറ്റ്പാക്ക് തയ്യാറാക്കിയ സ്കൂളിലേയ്ക്കുള്ള സുരക്ഷിത പാത (Safe Road to School) എന്ന പുസ്തകത്തിന്റേയും അധ്യാപക പഠന സഹായി (Teachers Manual) എന്ന പുസ്തകത്തിന്റേയും ഇംഗ്ലീഷ്, മലയാളം വാല്യങ്ങളുടെ കോപ്പികൾ അച്ചടിച്ച് ആർ.ടി.ഒ മാർ മുഖേന കേരളത്തിലെ സ്കൂളുകളിൽ വിതരണം ചെയ്തു വരികയാണ്.<br>സ്കൂൾ വിദ്യാർത്ഥികൾക്ക് റോഡ് സുരക്ഷാ ബോധവൽക്കരണം നൽകുന്നതിന്റെ ഭാഗമായി നാറ്റ്പാക്ക് തയ്യാറാക്കിയ അഞ്ച് റോഡ് സുരക്ഷ ഹ്രസ്വ ചിത്രങ്ങൾ കേരളത്തിലെ സ്കൂളുകളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br>**<u>2. റോഡ് സുരക്ഷാ ക്ലബ്ബ്.</u>**<br>റോഡ് സുരക്ഷയെ സംബന്ധിച്ച് വിദ്യാർത്ഥികളിൽ അവബോധം ഉണ്ടാക്കുവാനും റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുവാനും കേരളത്തിലെ സ്കൂൾ / കോളേജുകളിൽ 157 റോഡ് സുരക്ഷാ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ഇത് കേരളത്തിലെ എല്ലാ സ്കൂൾ / കോളേജുകളിലും തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>**<u>3. റോഡ് സുരക്ഷാ പ്രോജക്ടും, ഗവേഷണവും.</u>**<br>ആലപ്പുഴ ജില്ലയിലെ ആലപ്പുഴ-മധുര, അമ്പലപ്പുഴ - തിരുവല്ല, അർത്തുങ്കൽ - ചെല്ലാനം എന്നീ റോഡുകളുടെ സേഫ്റ്റി ഓഡിറ്റ് നാറ്റ്പാക്കിന്റെ സഹായത്തോടെ കേരള റോഡ് സുരക്ഷാ അതോറിറ്റി ചെയ്തു കഴിഞ്ഞു. |

**4. ട്രോമാകെയർ.**

ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തുവാൻ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് കേരള റോഡ് സുരക്ഷാ അതോറിറ്റി നടപടികൾ ആവിഷ്കരിച്ച് വരുന്നു. ആംബുലൻസ് സജ്ജീകരിക്കുന്നതിലേയ്ക്കായി 130 ലക്ഷം രൂപയും, ഹരിപ്പാട്, വടകര, പയ്യന്നൂർ, തിരൂർ , പത്തനംതിട്ട തുടങ്ങിയ കേന്ദ്രങ്ങളിൽ ട്രോമാകെയർ സെന്ററുകൾ സജ്ജീകരിക്കുന്നതിലേയ്ക്കായി 370 ലക്ഷം രൂപയും, കേരളാ എമർജെൻസി മെഡിക്കൽ സ്കീമിന്റെ ആംബുലൻസുകൾക്കുള്ള പ്രവർത്തന ചെലവിലേയ്ക്കുള്ള ഒറ്റ തവണ സഹായം എന്ന നിലയ്ക്ക് 50 ലക്ഷം രൂപയും ആരോഗ്യവകുപ്പിന് കൈമാറിയുണ്ട്.

**5. പരസ്യ ബോർഡുകൾ.**

അപകടത്തിന് കാരണമായേക്കാവുന്ന അനധികൃത പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നതിന് ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**6. സ്റ്റുഡൻസ് കേഡറ്റ് പ്രൊജക്ട്.**

പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ കേരളത്തിലെ 128 സ്കൂളുകളിൽ രൂപീകരിച്ചിരിക്കുന്ന സ്റ്റുഡൻസ് പോലീസ് കേഡറ്റ് പ്രൊജക്റ്റിന്റെ ഭാഗമായി സ്കൂളുകളിൽ കമ്മ്യൂണിറ്റി ലെവൽ റോഡ് സുരക്ഷാ പ്രോഗ്രാം നടപ്പിലാക്കുന്നതിന് പോലീസ് വകുപ്പിന് ഒരു കോടി രൂപ അനുവദിക്കുവാൻ കേരള റോഡ് സുരക്ഷാ അതോറിറ്റി തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

**7. ഫുട്പാത്ത് കൈയ്യേറ്റം.**

നിയമവിരുദ്ധമായി ഫുട്പാത്ത് കൈയ്യേറുന്നവരെ ഒഴിപ്പിക്കുവാനും

| | | | |
|---|---|---|---|
| | | | അവർക്കെതിരെ റോഡ് സുരക്ഷ) അതോറിറ്റി ആക്ടിലെ 14,15,16,17 സെക്ഷൻ പ്രകാരം നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനും എല്ലാ ജില്ലാ റോഡ് സുരക്ഷാ ചെയർമാൻമാർ, സിറ്റി പോലീസ് കമ്മീഷണർമാർ, ജില്ലാ പോലീസ് സൂപ്രണ്ട്മാർ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>**8. വാഹന കുരുക്ക് തടയൽ.**<br>കേരളത്തിലെ നഗരങ്ങളിൽ വർദ്ധിച്ചുവരുന്ന വാഹനകുരുക്ക് തടയുന്നതിന്റെ ഭാഗമായി ആദ്യ ഘട്ടമെന്ന നിലയിൽ നഗരങ്ങളിലെ സ്കൂളുകളുടെ പ്രവർത്തനസമയം വ്യത്യസ്ഥമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തൊട്ടാകെ ട്രാഫിക് സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിന് 6.1 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്.<br>**9. ദശവത്സര റോഡ് സുരക്ഷാ പദ്ധതി.**<br>റോഡ് സുരക്ഷയ്ക്കായുള്ള 2011-2020 ദശകത്തിലേക്കുള്ള പൊതുവായ റോഡ് സുരക്ഷാ പരിപാടികൾ നടപ്പിലാക്കുന്നതിനായി വിവിധ വകുപ്പുകൾ റോഡ് സുരക്ഷാ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. 2020-ഓടെ വാഹന ദുരന്തങ്ങൾ ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പരിപാടികൾക്കായി , താഴെ പറയുന്ന പ്രകാരം വിവിധ വകുപ്പുകൾക്ക് ഫണ്ട് അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.<br>**(എ) പൊതുമരാമത്ത് വകുപ്പ് .**<br>216 ബ്ലാക്സ്പോട്ട് - അപകട നിവാരണത്തിന് 20.5 കോടി രൂപയും, സ്കൂൾ സോൺ അപകട നിവാരണത്തിനു 10 കോടി രൂപയും, |

| | | | |
|---|---|---|---|
| | | | ബസ് ബേയ്യും ബസ് ഷെൽറ്ററും നിർമ്മിക്കുവാൻ 19 കോടി രൂപയും ചേർന്ന് 49.50 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിൽ 19 കോടി രൂപ ഈ വർഷം തന്നെ അടിയന്തിരമായി അനുവദിക്കുവാനുമുള്ള തീരുമാനത്തിന്റെ ഭാഗമായി ആദ്യ ഘട്ടം 3 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് നൽകി കഴിഞ്ഞു.<br>**(ബി) പോലീസ് ഡിപ്പാർട്ടുമെന്റ് .**<br>110 ഇന്റർസെപ്റ്റർ വാങ്ങുന്നതിന് 35 കോടി രൂപ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിൽ 4 കോടി രൂപ ഈ സാമ്പത്തിക വർഷം നൽകും. ആൽക്കോമീറ്റർ വാങ്ങുന്നതിന് 2 കോടി രൂപയും, പോലീസുകാർക്ക് ട്രോമാകെയർ പരിശീലനത്തിന് 2.25 ലക്ഷം രൂപയും പോലീസ് വകുപ്പിന് നൽകി കഴിഞ്ഞു.<br>**(സി) മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റ്.**<br>മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിൽ റോഡ് സുരക്ഷാ ബോധവൽക്കരണത്തിനും വിവിധ റോഡ് സുരക്ഷാ പ്രവർത്തനങ്ങൾക്കുമായി 15,64,99,152/- രൂപ നല്കിയിട്ടുണ്ട്. വ്യാപകമായ ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിച്ച് വരുന്നു. വിവിധ തരത്തിലുള്ള വാഹനഡ്രൈവർമാർക്കുള്ള ബോധവൽക്കരണ പരിപാടികൾ ആരംഭിച്ചു കഴിഞ്ഞു.<br>**(ഡി) നാറ്റ്പാക്.**<br>റോഡ് സുരക്ഷാ പഠനത്തിനും, ബോധവൽക്കരണ പരിപാടികൾ ഉൾപ്പെടെയും വിവിധ റോഡ് സുരക്ഷാ പ്രവർത്തനങ്ങൾക്കുമായി നാറ്റ്പാക്കിന് 57,82,000/- രൂപ |

| | | | |
|---|---|---|---|
| | | | നല്കിയിട്ടുണ്ട്.<br><u>(ഇ) കെൽട്രോൺ.</u><br>തിരുവനന്തപുരം നഗരത്തിലെ 62 ജംഗ്ഷനുകളിലും, കൊച്ചി നഗരത്തിലെ 14 ജംഗ്ഷനുകളിലും, കോഴിക്കോട് നഗരത്തിലെ 27 ജംഗ്ഷനുകളിലും, സ്പീഡ് ഡിറ്റക്ഷൻ ആന്റ് സെക്യൂരിറ്റി കം വയലേഷൻ ഡിറ്റക്ഷൻ ക്യാമറകൾ ഘടിപ്പിക്കുന്നതിന് 6.1 കോടി രൂപ അനുവദിച്ചു.<br>ചേർത്തല- മണ്ണുത്തി മാതൃകാ റോഡിൽ റഡാർ സർവൈലൻസ് സിസ്റ്റവും, ട്രാഫിക് റഗുലേറ്റിംഗ് സംവിധാനവും നടപ്പിലാക്കുന്നതിന് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിന് 2,24,67,763/- രൂപ അനുവദിച്ചിട്ടുണ്ട്.<br>(എഫ്) റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കോഴിക്കോട്, എറണാകുളം. ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് 15 ലക്ഷം രൂപ വീതവും, മറ്റു ഒൻപത് ജില്ലകൾക്ക് 10 ലക്ഷം രൂപ വീതവും ഉൾപ്പെടെ ആകെ ഒരു കോടി അറുപത്തിഅഞ്ചു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്